(ഡി) കേരള കാർഷിക സർവകലാശാല കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം - പരീക്ഷണങ്ങൾ നടത്തി മണ്ഡരിക്കെതിരെ ഫലപ്രദമെന്ന് കണ്ടെത്തിയിട്ടുള്ളതും സർക്കാർ തല ഉന്നതതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമായ കീടനാശിനികളാണ് കൃഷി വകുപ്പ് ശുപാർശ ചെയ്തിരിക്കുന്നത്. ഡൈക്കോഫോൾ എന്ന മണ്ഡരി നാശിനി താരതമ്യേന വിഷാംശം വളരെ കുറവുള്ളതും പാർശ്വഫലങ്ങൾ കുറവുള്ളതുമായ ഒരു മണ്ഡരി നാശിനിയാണ് ശുപർശ ചെയ്തിട്ടുള്ളത് എന്ന് കാർഷിക സർവകലാശാല അറിയിച്ചിട്ടുണ്ട്.

101 (390) മണ്ഡരി രോഗം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകൾക്ക് മണ്ഡരി രോഗം ഏതെല്ലാം പ്രദേശങ്ങളിലാണ് രൂക്ഷമായി ബാധിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) രോഗത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ശതമാനം തെങ്ങുകൾക്ക് രോഗം ബാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലാണ് മണ്ഡരി രൂക്ഷമായി ബാധിച്ചിട്ടുള്ളത്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സംസ്ഥാനത്ത് ഏകദേശം 20.09% തെങ്ങുകൾക്ക് രോഗം ബാധിച്ചിട്ടുള്ളതായി കാണുന്നു. നഷ്ടം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

102 (391) തെങ്ങുകൃഷി

ശ്രീ. കെ. സുധാകരൻ :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്യുന്നു;

(ബി) ഇതിൽ എത്ര ഹെക്ടർ സ്ഥലത്ത് കാറ്റുവീഴ്ചയും മണ്ഡരി രോഗവും അനുഭവപ്പെടുന്നു;

(സി) ഇവയ്ക്ക് ഫലപ്രദമായി എന്തെങ്കിലും പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഈ രോഗംമൂലം വിഷമിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

---

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലോകവ്യാപാര സംഘടനയുമായുള്ള കരാർ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ശ്രീലങ്കയിൽനിന്ന് വെളിച്ചെണ്ണയും, കൊപ്രായും ഇന്ത്യയിലേക്ക് വരുമ്പോൾ സംസ്ഥാനത്തുള്ള കേരകർഷകരെ ഈ രംഗത്തുള്ള മത്സരത്തെ അഭിമുഖീകരിക്കുവാൻ പര്യാപ്തമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) 1996-97-ന്റെ സ്റ്റാറ്റിസ്റ്റിക്കൽ കണക്കനുസരിച്ച് 9,02,104 ഹെക്ടർ സ്ഥലത്ത് കേരളത്തിൽ തെങ്ങ് കൃഷി ചെയ്യുന്നു.

(ബി) 1996-ൽ നടത്തിയ സർവ്വേ അനുസരിച്ച് 1,22,857.14 ഹെക്ടർ സ്ഥലത്ത് തെങ്ങുകൾക്ക് കാറ്റുവീഴ്ചരോഗം ബാധിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. മണ്ഡരി കീടബാധയുടെ സ്ഥലവിസ്തൃതി അടിസ്ഥാനമാക്കിയ കൃത്യമായ കണക്കുശേഖരിച്ചു വരുന്നു. ഉദ്ദേശം 21% തെങ്ങുകളെ ബാധിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) മണ്ഡരി കീടബാധ : കേരള കാർഷിക സർവ്വകലാശാല നടത്തിയ പരീക്ഷണങ്ങളിൽ 0.1% വീര്യമുള്ള ഡൈക്കോഫോൾ, 2% വീര്യമുള്ള വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം എന്നിവ മണ്ഡരി കീടബാധയെ നിയന്ത്രിക്കുന്നതിന് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർതല ഉന്നതതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ഈ രാസജൈവ കീടനാശിനികളാണ് കൃഷിവകുപ്പ് മണ്ഡരി കീടബാധയ്ക്കെതിരെ ഉപയോഗിക്കുവാൻ ശുപാർശ ചെയ്യുന്നത്.

കാറ്റുവീഴ്ച : മെച്ചപ്പെട്ട കൃഷിമുറകൾ അനുവർത്തിച്ച് തെങ്ങിന്റെ ആരോഗ്യം നിലനിർത്തി ഉൽപ്പാദനക്ഷമത നിലനിർത്താനും വർദ്ധിപ്പിക്കുവാനും മാത്രമേ സാധിച്ചിട്ടുള്ളൂ. ലോകത്തൊരിടത്തും തന്നെ ഇതിന് പ്രതിവിധി കണ്ടെത്തിയതായി അറിവില്ല.

(ഡി) മണ്ഡരി കീടബാധയ്ക്കെതിരെ മുകളിൽ പരാമർശിച്ച രാസജൈവ കീടനാശിനികളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ച് മരുന്നു തളിക്കുന്നതിന് മരുന്നിന്റെ വിലയും കൂലിച്ചെലവും അടക്കം 6 രൂപ കൃഷിവകുപ്പും, കൂടാതെ കൂലിച്ചെലവിനായി തെങ്ങൊന്നിന് 3 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കർഷകർക്ക് നൽകുന്നതാണ്. ഇതിലേക്കായി കൃഷിവകുപ്പ് 18 കോടി രൂപ ജില്ലകൾക്ക് നൽകിക്കഴിഞ്ഞു.

(ഇ) തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും, നാളികേരത്തിന്റെ വൈവിദ്ധീകരണം പ്രാവർത്തികമാക്കിയും കർഷകന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്.

103 (392) തിരുവനന്തപുരം നഗരപ്രദേശത്തെ തെങ്ങുകളുടെ മണ്ഡരി രോഗബാധ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly